# കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ
# ജില്ലാ ഓഫീസ്, കോഴിക്കോട്

സാദ്ധ്യതാ പട്ടിക നമ്പർ: 4/2008/ഡി.ഒ.ഡി. കോഴിക്കോട്,
കാറ്റഗറി നമ്പർ: 101/2006 04.10.2008.

## വിജ്ഞാപനം

13.10.2006 തീയതിയിലെ ഗസറ്റ് വിജ്ഞാപന പ്രകാരം കോഴിക്കോട് ജില്ലയിൽ തുറമുഖ വകുപ്പിൽ 2610-3680/- (പി.ആർ) രൂപ ശമ്പള നിരക്കിൽ വാച്ച്മാൻ/നൈറ്റ് വാച്ച്മാൻ (വിമുക്ത ഭടൻമാർ മാത്രം) തസ്തിക (കാറ്റഗറി നമ്പർ 101/2006) യിലേക്കുള്ള തെരഞ്ഞെടുപ്പിനായി 30.06.2007 തീയതിയിൽ നടത്തിയ ഒബ്ജക്ടീവ് (ഒ.എം.ആർ. മൂല്യനിർണ്ണയം) മാതൃകയിലുള്ള പരീക്ഷയുടെ അടിസ്ഥാനത്തിൽ റാങ്ക് പട്ടികയിൽ ഉൾപ്പെടാൻ സോപാധികമായി അർഹരാണെന്ന് കണ്ട ഉദ്യോഗാർത്ഥികളുടെ രജിസ്റ്റർ നമ്പറുകൾ ഉൾപ്പെട്ട സാധ്യതാ ലിസ്റ്റ് ചുവടെ ചേർത്തിരിക്കുന്നു.

രജിസ്റ്റർ നമ്പറുകൾ അവയുടെ സംഖ്യാക്രമത്തിലാണ് ലിസ്റ്റിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. യാതൊരു കാരണവശാലും ഈ ക്രമീകരണം പ്രസ്തുത പരീക്ഷയുടെ റാങ്ക് ക്രമത്തെ സൂചിപ്പിക്കുന്നില്ല. റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതിന് മുൻപ് സാധ്യതാ ലിസ്റ്റിൽ രജിസ്റ്റർ നമ്പറുകൾ ഉൾപ്പെട്ടിട്ടുള്ള ഉദ്യോഗാർത്ഥികളുടെ യോഗ്യത, ജനനത്തീയതി, ജാതി, മുതലായവ തെളിയിക്കുന്നതിനുള്ള അസ്സൽ രേഖകൾ പരിശോധനക്ക് വിധേയമാക്കുന്നതാണ്.

പരീക്ഷയിൽ 73 (എഴുപത്തി മൂന്ന്) ഉം അതിൽ കൂടുതലും മാർക്ക് ലഭിച്ച ഉദ്യോഗാർത്ഥികളെയാണ് ഈ സാധ്യതാ പട്ടികയുടെ മുഖ്യപട്ടികയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ഈ അടിസ്ഥാന മാർക്കിൽ ആവശ്യമായ ഇളവു വരുത്തി ഉപ പട്ടികകൾ തയ്യാറാക്കിയിരിക്കുന്നു.

അസ്സൽ പ്രമാണങ്ങളുടെ പരിശോധന 2008 ഒക്ടോബർ മാസം 24-ാം തീയതി രാവിലെ 10.00 മണിക്ക് കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ കോഴിക്കോട് ജില്ലാ ഓഫീസിൽ വെച്ച് നടത്തുന്നതാണ്.

കോഴിക്കോട് ജില്ലയെ സൂചിപ്പിക്കുന്നതിനായി രജിസ്റ്റർ നമ്പറുകൾക്ക് മുൻപിൽ 'D' കൂടി ചേർത്ത് വായിക്കേണ്ടതാണ്.

## മുഖ്യപട്ടിക

| | | | | |
|---|---|---|---|---|
| 100003 | 100015 | 100029 | 100034 | 100037 |
| 100038 | 100048 | 100061 | 100068 | 100070 |
| 100076 | 100093 | 100103 | 100107 | 100135 |
| 100139 | 100142 | 100147 | 100154 | 100158 |
| 100159 | 100172 | 100182 | 100188 | 100193 |
| 100205 | 100210 | 100213 | 100214 | |

(തുടർച്ച .. 2)

## ഉപ പട്ടികകൾ

### 1. ഈഴവ:

| | | | | |
|---|---|---|---|---|
| 100001 | 100005 | 100017 | 100018 | 100025 |
| 100041 | 100064 | 100075 | 100084 | 100091 |
| 100106 | 100109 | 100157 | 100216 | 100217 |
| 100223 | | | | |

### 2. പട്ടികജാതി:

| | | | | |
|---|---|---|---|---|
| 100026 | 100073 | 100097 | 100100 | 100105 |
| 100125 | 100170 | 100171 | 100218 | |

### 3. പട്ടികവർഗ്ഗം:

ഇല്ല.

### 4. മുസ്ലീം:

| | | | |
|---|---|---|---|
| 100053 | 100089 | 100115 | 100136 |

### 5. ലത്തീൻ കത്തോലിക്ക:

100181

### 6. ഒ.ബി.സി:

| | | | | |
|---|---|---|---|---|
| 100020 | 100027 | 100028 | 100042 | 100044 |
| 100045 | 100087 | 100094 | 100095 | 100122 |
| 100198 | 100200 | | | |

### 7. വിശ്വകർമ്മ:

100007 100203

### 8. എസ്.ഐ.യു.സി.നാടാർ/ആംഗ്ലോ ഇന്ത്യൻ:

ഇല്ല.

### 9. ഒ.എക്സ്:

ഇല്ല.

(തുടർച്ച .. 3)

**10. ധീവര:**

100059 100176 100186

**കുറിപ്പ്:-**

1) അപേക്ഷകളുടെ സൂക്ഷ്മ പരിശോധനക്കും നിരുപാധിക സ്വീകാര്യതക്കും വിധേയമായി തീർത്തും സോപാധികമായാണ് രജിസ്റ്റർ നമ്പറുകൾ ഈ പട്ടികയിൽ ഉൾക്കൊള്ളിച്ചിട്ടുള്ളത്. സാധ്യതാ പട്ടികയിൽ രജിസ്റ്റർ നമ്പർ ഉൾപ്പെട്ടു എന്നത് റാങ്ക് പട്ടികയിൽ പേര് ഉൾപ്പെടുന്നതിന് യാതൊരു അവകാശവും ഉദ്യോഗാർത്ഥികൾക്ക് പ്രദാനം ചെയ്യുന്നില്ല.

2) അപേക്ഷയിൽ ഉദ്യോഗാർത്ഥി രേഖപ്പെടുത്തിയിട്ടുള്ള വിശദാംശങ്ങളെ അടിസ്ഥാനമാക്കിയാണ് സാധ്യതാ പട്ടിക തയ്യാറാക്കിയിട്ടുള്ളത്. അതിനു ശേഷമുള്ള അവകാശവാദങ്ങൾ ഒരു ഘട്ടത്തിലും പരിഗണിക്കുന്നതല്ല.

3) സാധ്യതാ പട്ടികയിൽ രജിസ്റ്റർ നമ്പർ ഉൾപ്പെട്ടിട്ടുള്ള ഉദ്യോഗാർത്ഥികൾ അവരുടെ അപേക്ഷയിൽ അവകാശപ്പെട്ടിരിക്കുന്ന കാര്യങ്ങൾ – അതായത് വിദ്യാഭ്യാസ യോഗ്യത, ജനനത്തീയതി, ജാതി (പട്ടിക ജാതി/പട്ടിക വർഗ്ഗം), നേറ്റിവിറ്റി, പെൻഷൻ പെയ്മെന്റ് ഓർഡർ, ഡിസ്ചാർജ്ജ് സർട്ടിഫിക്കറ്റ്, മറ്റു ആനുകൂല്യങ്ങൾ അവകാശപ്പെട്ടിരുന്നെങ്കിൽ അതും തെളിയിക്കുന്നതിന് ആവശ്യമായ പ്രമാണങ്ങളുടെ അസ്സലും ശരിപ്പകർപ്പും വെരിഫിക്കേഷൻ സമയത്ത് നേരിട്ട് ഹാജരാക്കേണ്ടതാണ്.

4) ഈ സാധ്യതാ പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള, സംവരണം അവകാശപ്പെടുന്ന മറ്റു പിന്നോക്ക സമുദായത്തിൽപെട്ട ഉദ്യോഗാർത്ഥികൾ, വില്ലേജ് ഓഫീസറിൽ നിന്നും ലഭിച്ച 25.08.2007-ലെ ജി.ഒ.(പി)നം.46/2007/എസ്.സി/എസ്.റ്റി.ഡി.ഡി. എന്ന സർക്കാർ ഉത്തരവ് പ്രകാരമുള്ള നോൺ-ക്രീമിലെയർ സർട്ടിഫിക്കറ്റ് പ്രമാണ പരിശോധനാ സമയത്ത് ഹാജരാക്കേണ്ടതാണ്. മുഖ്യ പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള ഇത്തരം ഉദ്യോഗാർത്ഥികൾ നോൺ-ക്രീമിലെയർ സർട്ടിഫിക്കറ്റ് യഥാസമയം ഹാജരാക്കുന്നതിന് വീഴ്ച വരുത്തുന്നപക്ഷം അവരെ സാമുദായിക സംവരണത്തിനർഹമല്ലാത്ത 'ഓപ്പൺ കോമ്പറ്റീഷൻ' ഉദ്യോഗാർത്ഥികളായി പരിഗണിക്കുന്നതാണ്. മറ്റു പിന്നോക്ക സമുദായങ്ങളുടെ ഉപ പട്ടികയിലുള്ള ഉദ്യോഗാർത്ഥികൾ നോൺ-ക്രീമിലെയർ സർട്ടിഫിക്കറ്റ് യഥാസമയം ഹാജരാക്കാത്തപക്ഷം അവരുടെ രജിസ്റ്റർ നമ്പറുകൾ ഇനിയൊരറിയിപ്പ് കൂടാതെ ഈ സാധ്യതാ പട്ടികയിൽ നിന്നും നീക്കം ചെയ്യുന്നതാണ്.

5) നേറ്റിവിറ്റിയുടെ ആനുകൂല്യം ലഭിക്കുന്നതിന് അർഹതയുള്ള ഉദ്യോഗാർത്ഥികൾ കോഴിക്കോട് ജില്ലയിലെ ബന്ധപ്പെട്ട റവന്യൂ അധികാരിയിൽ നിന്നും ലഭിച്ച നേറ്റിവിറ്റി സർട്ടിഫിക്കറ്റിന്റെ അസ്സൽ ഹാജരാക്കേണ്ടതാണ്.

6) സമയബന്ധിതമായി റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കേണ്ടതിനാൽ അസ്സൽ രേഖകളും, പകർപ്പുകളും ഹാജരാക്കുന്നതിന് കൂടുതൽ സമയം അനുവദിക്കുകയോ വീണ്ടും ഒരവസരം നൽകുകയോ ചെയ്യുന്നതല്ല. ആകയാൽ അവസരം നഷ്ടപ്പെടാതിരിക്കാൻ ഉദ്യോഗാർത്ഥികൾ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

7) രേഖകൾ ഹാജരാക്കുന്നതിന് ഉദ്യോഗാർത്ഥികൾ വെരിഫിക്കേഷൻ നിശ്ചയിച്ചിട്ടുള്ള ദിവസം കൃത്യസമയത്ത് സ്വന്തം ചെലവിൽ നേരിട്ട് ഹാജരാകേണ്ടതാണ്. ഉദ്യോഗാർത്ഥികൾ നേരിട്ടല്ലാതെ ഹാജരാക്കുന്ന രേഖകൾ സ്വീകരിക്കുന്നതല്ല. അസ്സൽ പ്രമാണങ്ങളുടെ പരിശോധനക്ക് ഹാജരാകാത്ത ഉദ്യോഗാർത്ഥികളുടെ രജിസ്റ്റർ നമ്പറുകൾ ഈ പട്ടികയിൽ നിന്നും മറ്റൊരറിയിപ്പ് കൂടാതെ നീക്കം ചെയ്യുന്നതാണ്. അവരെ റാങ്ക് പട്ടികയിൽ ഉൾപ്പെടുത്തുന്നതല്ല.

(തുടർച്ച .. 4)

8) സാധ്യതാ പട്ടികയിൽ രജിസ്റ്റർ നമ്പർ ഉൾപ്പെട്ടിട്ടില്ലാത്ത ഉദ്യോഗാർത്ഥികൾ അസാധുവാക്കപ്പെട്ട ഉത്തരക്കടലാസുകളുടെ രജിസ്റ്റർ നമ്പറുകളും അവ അസാധുവാക്കിയതിനുള്ള കാരണങ്ങളും വിവരിക്കുന്ന 04.07.2008 തീയതിയിലെ ഇ.ആർ. VII(3)541/08/EW നമ്പർ വിജ്ഞാപനം കൂടി വായിക്കേണ്ടതാണ്.

(കമ്മീഷന്റെ ഉത്തരവിൻ പ്രകാരം)

എം.ലത്തീഫാ ബീവി,
ജില്ലാ ഓഫീസർ,
കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ,
ജില്ലാ ഓഫീസ്, കോഴിക്കോട്.

വിതരണാനുമതി നൽകുന്നു.

സെക്ഷൻ ഓഫീസർ

ബി.കെ.04.10.08.